**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3682** **14-07-2022 - ൽ മറുപടിയ്ക്ക്**

**തീറ്റപ്പുൽ കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ സി ആർ മഹേഷ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി.ഉമ തോമസ്** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ കുറെ വർഷങ്ങളായി തീറ്റപ്പുൽ കൃഷിയിടങ്ങളുടെ വിസ്തൃതി കുറഞ്ഞു വരുന്ന കാര്യം ഗൗരവത്തോടെ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളായി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളും കൂടാതെ ആധുനികവത്കരണവും മൂലം തീറ്റപ്പുൽകൃഷിയ്ക്കുള്ള സ്ഥലലഭ്യത കുറഞ്ഞ് വരുന്നതായി കാണുന്നു. എന്നാൽ തീറ്റപ്പുൽകൃഷിയുടെ നോഡൽ ഏജൻസി എന്ന നിലയിൽ ക്ഷീരവികസന വകുപ്പ് മുൻകൈ എടുത്ത് തരിശു നിലങ്ങളിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നുണ്ട്.കൂടാതെ വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും നടപ്പിലാക്കിവരുന്നു |
| (ബി) | സംസ്ഥാനത്തിന് ആവശ്യമായ തീറ്റപ്പുല്ലിന്റെ 46 ശതമാനം മാത്രമാണ് നിലവിൽ ഉല്പാദിപ്പിക്കുന്നത് എന്നതിനാൽ തീറ്റപ്പുൽ കൃഷിയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിന് വേണ്ടി സബ്സിഡി തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | തീറ്റപ്പുൽ കൃഷിയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിന് വേണ്ടി ക്ഷീരവികസന വകുപ്പ് സബ്സിഡിയോടുകൂടി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽകൃഷിക്കുള്ള സബ്സിഡി മുൻവർഷത്തേക്കാൾ വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലെ സബ്സിഡി നിരക്ക് ചുവടെ ചേർത്തുകൊള്ളുന്നു.<br><br>1.20 സെന്റ് സ്ഥലത്തിനു മുകളിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 24,250/- രൂപ ധനസഹായം നൽകുന്നു. 20 സെന്റിന് താഴെ കൃഷി ചെയ്യുന്നവർക്ക് സൗജന്യമായി തീറ്റപ്പുൽക്കടകൾ നൽകുന്നു.<br><br>2.ഒരു ഏക്കറിൽ താഴെയുള്ള തീറ്റപ്പുൽകൃഷി തോട്ടങ്ങൾക്ക് ജലസേചന സൗകര്യം ഒരുക്കുന്നതിനായി 10,000/- രൂപ വരെ ധനസഹായം.<br><br>3.ഒരു ഏക്കറിനു മുകളിൽ തീറ്റപ്പുൽകൃഷി തോട്ടങ്ങൾ ജലസേചന സൗകര്യം ഒരുക്കുന്നതിനായി പരമാവധി |

| | | | |
|---|---|---|---|
| | | | 25,000/- രൂപ വരെ ധനസഹായം.<br><br>4.തരിശ്ശ്നിലത്ത് തീറ്റപ്പുൽകൃഷിയ്ക്കായി ഹെക്ടറിന് 94,272/- രൂപ ധനസഹായം നൽകുന്നു.<br><br>5.തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണത്തിനായി ക്ഷീര കർഷകർക്ക് 10,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി.<br><br>6.മക്കച്ചോളം കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 15,785/- രൂപ ധനസഹായം<br><br>7.ഹൈഡ്രോപോണിക്സ് തീറ്റപ്പുൽകൃഷി പദ്ധതി.<br><br>കൂടാതെ, സ്വയം സഹായസംഘങ്ങൾ മുഖേന തീറ്റപ്പുൽകൃഷി വ്യാപന-വിപണന പദ്ധതികൾക്കായി 75,000/- രൂപ ധനസഹായം നൽകുന്നു. വൃക്ഷവിളകൾ വിതരണം ചെയ്യുന്ന പദ്ധതി, എന്നീ പദ്ധതികളും ക്ഷീരവികസനവകുപ്പ് നടപ്പിലാക്കി വരുന്നു. |
| (സി) | വ്യാവസായികമായി തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അനുയോജ്യമായ കരാർ കൃഷി മാതൃകകൾ നടപ്പാക്കുമോ; വിശദാംശം നൽകുമോ? | (സി) | വ്യാവസായികമായി തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് തരിശുഭൂമികളിലും ഉപയോഗശൂന്യമായ സ്ഥലങ്ങളിലും വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ ക്ഷീരവികസന വകുപ്പ് മുൻകയ്യെടുത്ത് നടപ്പാക്കിവരുന്നു. വനിതാ സ്വയം സഹായ സംഘങ്ങളിൽ ഉൾപ്പെട്ട വനിതകൾക്ക് തങ്ങളുടെ വരുമാന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവും എന്ന ഘടക പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു. കൂടാതെ, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവ തീറ്റപ്പുൽകൃഷി ഒരു തൊഴിലായി സ്വീകരിച്ചു വരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതി നായി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ഈ സാമ്പത്തികവർഷം തീറ്റപ്പുൽകൃഷി പദ്ധതി നടപ്പിലാക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ച് തുടർ നടപടികൾ നടന്നുവരുന്നു.<br><br>പ്രസ്തുത പദ്ധതി മുഖാന്തരം 2021-22 സാമ്പത്തിക വർഷം 87 ഹെക്ടർ തരിശു ഭൂമിയിൽ തീറ്റപ്പുൽകൃഷി നടപ്പിലാക്കിയിട്ടുണ്ട്. 2022-23 വർഷം 51 ഹെക്ടർ തരിശു ഭൂമിയിൽ തീറ്റപ്പുൽ കൃഷി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ